16
ആഗസ്റ്റ് 2023
ബുധൻ
Pages- 5
Vol. 2 Issue 194

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
563

## പാക്കിസ്ഥാനിൽ

# ക്രിസ്തീയ കേന്ദ്രങ്ങൾക്ക് നേരെ ആക്രമണം



പേജ് 2






## മഹാരാഷ്ട്രയിൽ ദേവാലയത്തിനുനേരെ അജ്ഞാതരുടെ ആക്രമണം



എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 16 ബുധൻ



## മരണശേഷം മനുഷ്യരെ വിശുദ്ധരാക്കാൻ ശ്രമിക്കുമ്പോൾ

ഇന്നത്തെ ലോകത്തിൽ, തിരക്കേറിയ ജീവിത സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ മറ്റുള്ളവരുടെ നല്ല പ്രവൃത്തികളെ അംഗീകരിക്കാനും അഭിനന്ദിക്കാതിരിക്കാനും വളരെ എളുപ്പമാണ്. പലപ്പോഴും മറ്റുള്ളവർ ചെയ്യുന്ന നല്ല പ്രവർത്തികൾക്ക് അംഗീകാരം ലഭിക്കുന്നത് അവരുടെ മരണശേഷം ആയിരിക്കും. അതിന് ശ്രീ ഉമ്മൻ ചാണ്ടിയുടെ ജീവിതം ഉത്തമ ഉദാഹരണമാണ്. അദ്ദേഹം ചെയ്ത പ്രവർത്തികൾ ജനനന്മയ്ക്ക് ഉതകുന്നതായിരുന്നു എങ്കിലും മുഖ്യധാരാ മാധ്യമങ്ങൾ അടക്കം അദ്ദേഹത്തിന്റെ നല്ല പ്രവർത്തികളെ തമസ്ക്കരിക്കാൻ മത്സരിക്കുകയായിരുന്നു. അതേ മാധ്യമങ്ങളും ബന്ധപ്പെട്ടവരും അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കാൻ ബദ്ധപ്പെടുകയാണിപ്പോൾ.

മറ്റുള്ളവരുടെ നല്ല പ്രവൃത്തികളെ അഭിനന്ദിക്കാൻ നിരവധി മാർഗങ്ങളുണ്ട്. ചെയ്ത നല്ല പ്രവർത്തികൾക്ക് ഒരു വാക്കിൽ 'നന്ദി' എന്ന് പറയാം, അല്ലെങ്കിൽ അവർക്ക് ചെറിയ സമ്മാനങ്ങൾ നൽകുകയോ, പരസ്യമായി അഭിനന്ദിക്കുകയോ ഒക്കെ ചെയ്യാം. മറ്റുള്ളവരുടെ നല്ല പ്രവൃത്തികളെ നാം അഭിനന്ദിക്കുമ്പോൾ, നാം അവരെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല ചെയ്യുന്നത് മറിച്ച് വീണ്ടും നല്ല കാര്യങ്ങൾ ചെയ്യാൻ അവർക്ക് പ്രേരക ശക്തി പകരുകയാണ്. അഭിനന്ദനങ്ങൾ അവർക്ക് കൂടുതൽ കരുത്ത് പകരുകയും അത് ഒരു നല്ല നാളെയുടെ കെട്ടുപണിക്കായി പ്രയോജനപ്രദമായി തീരുകയും ചെയ്യും.

പാശ്ചാത്യ രാജ്യങ്ങളിൽ ഉള്ളവർ ഏതൊരു ചെറിയ കാര്യത്തിനും നന്ദി പറയുകയും നല്ല പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നവരുമാണ്. പ്രത്യേകിച്ച് മാതാ പിതാക്കളും അധ്യാപകരും ഒക്കെ കുട്ടികളുടെ നല്ല പ്രവർത്തികളെ അഭിനന്ദിക്കുമ്പോൾ അവർ ഉത്തമ പൗരന്മാരായി തീരാനുള്ള സാധ്യത വർധിക്കുകയാണ്. അഭിനന്ദനം കുട്ടികളെ ചീത്തയാക്കും എന്ന ഒരു മിഥ്യാ ധാരണ മലയാളികൾക്കിടയിലുണ്ട്. അത് തീർച്ചയായും മാറേണ്ടതുണ്ട്.

ഒരിക്കൽ ഒരു സ്ത്രീ വിലയേറിയ സ്വച്ഛജടാമാംസി തൈലം യേശുവിന്റെ കാലിൽ പൂശിയപ്പോൾ ശിഷ്യന്മാരിൽ ഒരാൾ ആ പ്രവർത്തിയെ നിശിതമായി വിമർശിക്കുകയാണ്. ആ തൈലത്തിന്റ വില ദാരിദ്രയോഛാടനത്തിനായി ഉപയോഗിക്കരുതോ എന്ന് ചോദിക്കുമ്പോൾ ഗുരു ആ സാധു സ്ത്രീയുടെ പ്രവർത്തിയെ അഭിനന്ദിക്കുകയാണ് (യോഹന്നാൻ 12:18). യേശുവിനെപ്പോലെ തന്നെ പൗലോസ് അടക്കമുള്ള അപ്പോസ്തലന്മാരും തന്റെ സഹ പ്രവർത്തകരുടെ നല്ല പ്രവർത്തികളെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. അന്യരുടെ നല്ല പ്രവർത്തികളെ നമുക്ക് അഭിനന്ദിക്കാം.



സജി വർഗ്ഗീസ്, മണിയാർ

# ക്രിസ്തുവിലുള്ള വിശ്വാസം എനിക്ക് സമാധാനവും ശക്തിയും തരുന്നു ; ലിവർപൂൾ താരം കോഡി ഗാക്പോ




ലണ്ടൻ: ക്രിസ്തുവിലുള്ള തങ്ങളുടെ വിശ്വാസം പരസ്യമാക്കുന്ന താരങ്ങളുടെ നിരയിൽ ഡച്ച് സ്വദേശിയായ ലിവർപൂൾ താരം കോഡി ഗാക്പോയും. ലിവർപൂളിന് വേണ്ടി സിംഗപ്പൂരിൽ കളിക്കുവാൻ എത്തിയിരിക്കുന്ന ഗാക്പോ ബൈബിൾ വായന തന്റെ ജീവിതശൈലിയാണെന്നും യുകെയിലോ മറ്റെവിടെയെങ്കിലുമോ ആണെങ്കിലും താൻ ബൈബിൾ കൊണ്ടുപോകുമെന്നു 'ഡെയിലി മെയിലി'ന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. തന്റെ ഫുട്ബോൾ കരിയറിൽ മാത്രമല്ല ജീവിതത്തിൽ മുഴുവനായും വിശ്വാസം തന്നെ സഹായിച്ചിട്ടുണ്ടെന്നും അത് തന്നെ സംബന്ധിച്ചിടത്തോളം ജീവിത ശൈലിപോലെയാണെന്നും യുകെയിലായാലും വേറെ എവിടെ ആയാലും എല്ലാദിവസവും തനിക്കൊപ്പം ബൈബിൾ ഉണ്ടെന്നും ഗാക്പോ പറഞ്ഞു. വിശ്വാസം എനിക്ക് സമാധാനവും ശക്തിയും തരുന്നു.നമ്മൾ പരസ്പരം എങ്ങനെ പെരുമാറണം എന്ന് നമ്മോട് പറയുന്ന ഒരു പ്രണയലേഖനം പോലെയാണ് ബൈബിളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഖത്തറിൽവെച്ച് നടന്ന കഴിഞ്ഞ ലോകകപ്പിൽ ഗാക്പോയുടെ സഹതാരമായ മെംഫിസും മറ്റ് ടീമംഗങ്ങൾക്കൊപ്പം ബൈബിൾ ക്ലാസ്സും പ്രാർത്ഥനയും നടത്തിയതും ശ്രദ്ധേയമായിരുന്നു. ഗാക്പോ ബൈബിൾ ക്ലാസ് നടത്തിയപ്പോൾ, മെംഫിസായിരുന്നു പ്രാർത്ഥനക്ക് മേൽനോട്ടം വഹിച്ചത്. ഗാക്പോ അടിയുറച്ച ദൈവവിശ്വാസിയും വിശ്വാസപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നവനുമാണെന്ന് ഡച്ച് ടീമംഗമായ ഡെൻസേൽ ഡംഫ്രിസും നേരത്തെ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ കുറച്ച് ദിവസങ്ങൾ ഞങ്ങൾ അദ്ദേഹത്തോടൊപ്പം ഒരുപാടു പ്രാർത്ഥിച്ചു. അദ്ദേഹം തന്റെ വിശ്വാസം ഞങ്ങളുമായി പങ്കുവെച്ചു. ആ നിമിഷങ്ങൾ വളരെ പ്രത്യേകതയുള്ളതായിരുന്നു; അത് തനിക്ക് ഒരുപാട് ശക്തി തന്നുവെന്നും ഡംഫ്രിസ് പറഞ്ഞു.

# പാകിസ്ഥാനിൽ ക്രിസ്തീയ കേന്ദ്രങ്ങൾക്ക് നേരെ ആക്രമണം

### പാകിസ്ഥാനിൽ നിന്നും ക്രിസ്ത്യൻ ലൈവ് പ്രതിനിധി സ്റ്റെഫ്നെസ് മുനിറിന്റെ റിപ്പോർട്ട്



ഫൈസലാബാദ് :പാക്കിസ്ഥാനിലെ ഫൈസലാബാദിൽ ഒരു ക്രിസ്ത്യൻ കുടുംബത്തിനു നേരെ മതനിന്ദ ആരോപിക്കുകയും നിരവധി പള്ളികൾ നശിപ്പിക്കുകയും ചുറ്റുമുള്ള ക്രിസ്ത്യൻ സ്ഥാപങ്ങൾ കൊള്ളയടിക്കുകയും ചെയ്തു. ഫൈസലാബാദിലെ ജരൻവാല ജില്ലയിൽ ഇന്നാണ് സംഭവം ഉണ്ടായത്.

ശുചീകരണത്തൊഴിലാളിയായി ജോലി ചെയ്യുന്ന ക്രിസ്ത്യൻ വിശ്വാസിയായ യുവാവ് ഖുറാനെതിരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയതിനെ തുടർന്ന് പ്രദേശത്തെ മുസ്ലീങ്ങൾ പ്രകോപിതരാ കുകയും , അദ്ദേഹത്തിന്റെ വീട് തകർക്കുകയും കൂടാതെ പ്രദേശത്തെ പള്ളികളും ക്രിസ്ത്യൻ സ്ഥാപനങ്ങളിൽ ജനക്കൂട്ടം കൊള്ളയടിക്കുകയും ചെയ്തു.

സംഭവത്തെ തുടർന്ന് പ്രതിഷേധക്കാരുമായി ചർച്ച നടത്തി വരികയാണെന്നും പ്രദേശം വളഞ്ഞിരിക്കുകയാണെന്നും പഞ്ചാബ് പോലീസ് മേധാവി ഉസ്മാൻ അൻവർ പറഞ്ഞു. കുറ്റാരോപിതനായ ക്രിസ്ത്യാനിക്കെതിരെ പാകിസ്ഥാനിലെ സെക്ഷൻ 295 ബി , 295 സി എന്നിവ പ്രകാരം പോലീസ് എഫ് ഐ ആർ രജിസ്റ്റർ (എഫ്ഐആർ) രജിസ്റ്റർ ചെയ്തു. സംഭവ സമയത്തു തങ്ങളുടെ വീടുകൾ കൊള്ളയടിച്ചപ്പോൾ പോലീസ് നിശബ്ദരായ കാഴ്ചക്കാരായി തുടർന്നുവെന്ന് പ്രാദേശിക ക്രിസ്ത്യാനി വിശ്വസികൾ പരാതിപ്പെട്ടു.

Christian Live (Malayalam) Advertisement Tariff

Full Page
Front – 5000 INR
Back – 4000 INR
Inside- 3000 INR

Quarter Page
Front - 1250 INR
Back - 1000 INR
Inside- 750 INR

Half Page
Front - 2500 INR
Back- 2000 INR
Inside -1500 INR

Half of Quarter Page
Front - 750 INR
Back - 500 INR
Inside- 250 INR

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD


Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# അർമേനിയൻ ക്രൈസ്തവർ നാഗോർണോ അതിർത്തിയിൽ കുടുങ്ങിക്കിടക്കുന്നതായി റിപ്പോർട്ട്



യെരേവാൻ: നാഗോർണോ കരാബാക്ക് മേഖലയിലെ ഏതാണ്ട് 1,20,000ലധികം വരുന്ന അർമേനിയൻ ക്രൈസ്തവർ, ഇസ്ലാമിക ഭൂരിപക്ഷ രാജ്യമായ അസർബൈജാൻ ഏർപ്പെടുത്തിയ ഉപരോധത്തിൽ ഭക്ഷണവും, മരുന്നുമില്ലാതെ കുടുങ്ങിക്കിടക്കുന്നുവെന്ന് റിപ്പോർട്ട്. അമേരിക്കയിലെ അന്താരാഷ്ട്ര മതസ്വാതന്ത്ര്യ കമ്മീഷന്റെ മുൻ അംബാസഡർ സാം ബ്രൗൺബാക്ക് വസ്തുതകൾ നേരിട്ട് മനസ്സിലാക്കുന്നതിനായി സമീപകാലത്ത് അർമേനിയ സന്ദർശിച്ചതിന് ശേഷം നൽകിയ അഭിമുഖത്തിൽ ക്രൈസ്തവരെ മേഖലയിൽ നിന്നും തുടച്ചു നീക്കുന്നതിന്റെ ഭാഗമായി ഉപരോധം വഴി അസർബൈജാൻ നാഗോർണോകാരബാഖ് മേഖലയെ ക്രൂരമായി കൊലപ്പെടുത്തുകയാണെന്ന് വെളിപ്പെടുത്തിയിരുന്നു.മേഖലയെ ജീവിതയോഗ്യമല്ലാതാക്കി മാറ്റി അവിടുത്തെ ക്രിസ്ത്യാനികളെ പലായനം ചെയ്യുവാൻ നിർബന്ധിതരാക്കുകയാണ് അസർബൈജാൻ ചെയ്യുന്നതെന്നും ബ്രൗൺബാക്ക് പറഞ്ഞിരിന്നു.

ലോകത്തെ ഏറ്റവും പുരാതന ക്രിസ്ത്യൻ സമൂഹങ്ങളിൽ ഒന്നാണ് അർമേനിയൻ ക്രൈസ്തവർ. 1988 മുതൽ അർമേനിയക്കാർ ആർട്ട്സാക്ക് എന്ന്! വിളിക്കുന്ന നാഗോർണോ കരാബാക്ക് മേഖലയെ ചൊല്ലി അർമേനിയയും അസർബൈജാനും പോരാട്ടത്തിലാണ്. അർമേനിയക്കാർ മേഖലയെ തിരിച്ചുപിടിക്കുവാനും, അസർബൈജാൻ ക്രിസ്ത്യാനികളെ മേഖലയിൽ നിന്നും തുടച്ചുനീക്കുവാനുമാണ് ശ്രമിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അർമേനിയൻ ക്രിസ്ത്യാനികളെ വംശഹത്യക്കിരയാക്കി എന്ന കുപ്രസിദ്ധി നേടിയിട്ടുള്ള തുർക്കിയുടെ പിന്തുണയും അസർബൈജാജാന് ലഭിക്കുന്നുണ്ട്. ക്രിസ്ത്യൻ മനുഷ്യാവകാശ സംഘടനയുടെ പ്രസിഡന്റായ റോബർട്ട് നിക്കോൾസൺ ഉൾപ്പെടെയുള്ള നാഗോർണോകരാബാക്ക് മേഖലയിൽ നിരവധി പഠനങ്ങൾ നടത്തിയിട്ടുള്ള മനുഷ്യാവകാശ പ്രവർത്തകർ അർമേനിയൻ ക്രൈസ്തവർ നേരിടുന്നത് വംശഹത്യ തന്നെയാണെന്ന് ചൂണ്ടിക്കാട്ടിയിരിന്നു. 2020ലാണ് തുർക്കിയുടെ സഹായത്തോടെ അസർബൈജാൻ മേഖലയുടെ നിയന്ത്രണം പിടിച്ചെടുക്കുന്നത്.

അർമേനിയയേയും നാഗോർണോകരാബാക്ക് മേഖലയേയും ബന്ധിപ്പിക്കുന്ന നാലു മൈൽ നീളമുള്ള ലാച്ചിൻ കോറിഡോർ എന്നറിയപ്പെടുന്ന ഇടുങ്ങിയ റോഡിൽ കഴിഞ്ഞ വർഷം മുതൽ അസർബൈജാൻ ഉപരോധം ഏർപ്പെടുത്തിയതോടെ ഏതാണ്ട് 1,00,000 അർമേനിയൻ ക്രൈസ്തവർ സ്വന്തം രാജ്യത്തുനിന്നും മുറിച്ച് മാറ്റപ്പെട്ടപോലെ ഒറ്റപ്പെട്ട നിലയിൽ കഴിയുകയാണ്. ഇതിൽ 30,000 കുട്ടികളും, 20,000 പ്രായാധിക്യം ചെന്നവരും, 9,000ത്തോളം വികലാംഗരും ഉൾപ്പെടുന്നുണ്ടെന്നാണ് കാരിത്താസ് അർമേനിയായുടെ പ്രോജക്റ്റ് മാനേജരായ ലൂസിനെ സ്റ്റെപയാൻ പറയുന്നത്. മേഖലയിൽ സമാധാന ആഹ്വാനവുമായി ഫ്രാൻസിസ് പാപ്പയും നേരത്തെ രംഗത്തുവന്നിരിന്നു.

## ഐ പി സി ആയൂർ സെന്റർ സ്വാതന്ത്ര്യദിന സന്ദേശവും ലഹരി വിരുദ്ധ ബോധവൽക്കരണ റാലിയും നടന്നു



കൊട്ടാരക്കര: ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ ആയൂർ സെന്റർ പുത്രിക സംഘടനകളായ പി.വൈ.പി.എ. യുടെയും സൺഡേ സ്കൂളിന്റെയും ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിന സന്ദേശവും ലഹരി വിരുദ്ധ ബോധവൽക്കരണ റാലിയും നടന്നു. ഐ.പി.സി എബനേസർ വാളകം വെസ്റ്റ് സഭ കേന്ദ്രമാക്കി ആരംഭിച്ച റാലി കൊട്ടാരക്കര മേഖല പി.വൈ.പി.എ. പ്രസിഡന്റ് പാസ്റ്റർ സാം ചാക്കോ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യുകയും ജനറൽ കൗൺസിൽ അംഗം ബ്രദർ ജി കുഞ്ഞച്ചൻ വാളകം ഫ്ലാഗ് ഓഫ് ചെയ്യുകയും ചെയ്തു. സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ മോനി പി. വർഗീസ് പ്രഥമ സന്ദേശം നൽകി.

കൊട്ടാരക്കര താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നടത്തപ്പെട്ട റാലിയിൽ സെന്ററിലെ വിവിധ ദൈവദാസന്മാർ ലഹരി വിരുദ്ധ ബോധവൽക്കരണവും സ്വാതന്ത്ര്യദിന സന്ദേശവും അറിയിച്ചു. പി.വൈ.പി.എ. പ്രസിഡന്റ് പാസ്റ്റർ ബ്ലസൻ സോജൻ, വൈസ് പ്രസിഡന്റ് പാസ്റ്റർ അനസ് എബ്രഹാം, സെക്രട്ടറി പാസ്റ്റർ ലിബിൻ ദാസ്, സൺഡേ സ്കൂൾ ആക്ടിംഗ് പ്രസിഡന്റ് പാസ്റ്റർ സൈമൺ തോമസ്, സെക്രട്ടറി പാസ്റ്റർ അജീഷ് ജോൺ മറ്റ് എക്സിക്യൂട്ടീവ് റാലിക്ക് നേതൃത്വം നൽകി.

ഹെബ്രോൻ വാളകം ഈസ്റ്റ് സഭ കേന്ദ്രമാക്കി ആയൂർ സെന്റർ സെക്രട്ടറി പാസ്റ്റർ ബിജു ജോസഫിന്റെ അധ്യക്ഷതയിൽ വാളകം ടൗണിൽ വച്ച് നടന്ന സമാപന സമ്മേളനത്തിൽ ആയൂർ സെന്റർ മിനിസ്റ്റർ പാസ്റ്റർ സണ്ണി എബ്രഹാം സമാപന സന്ദേശം നൽകി. പാസ്റ്റർ മോനി പി വർഗീസിന്റെ പ്രാർത്ഥനയോടെ റാലി പര്യവസാനിച്ചു. സെന്ററിലെ വിവിധ സഭകളിലുള്ള ദൈവദാസന്മാർ, സഹോദരി സഹോദരന്മാർ, പി.വൈ.പി.എ. സൺഡേ സ്കൂൾ യുവജനങ്ങൾ തുടങ്ങിയവർ റാലിയിൽ പങ്കെടുത്തു

## ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം; അഞ്ചുദിവസം മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെടാൻ സാധ്യത. വെള്ളിയാഴ്ചയോടെ വടക്കൻ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെടാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ന്യൂനമർദ്ദത്തിന്റെ സ്വാധീനഫലമായി കേരളത്തിൽ അടുത്ത അഞ്ചുദിവസം നേരിയ തോതിൽ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു. മൺസൂൺ പാത്തി നിലവിൽ ഹിമാലയൻ താഴ്വരയിൽ സ്ഥിതി ചെയ്യുകയാണ്. വെള്ളിയാഴ്ചയോടെ തെക്ക് ഭാഗത്തേക്ക് മാറി സാധാരണ സ്ഥാനത്ത് എത്താൻ സാധ്യതയെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു.

നിലവിൽ സംസ്ഥാനത്ത് കാലവർഷത്തിൽ 40 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ രണ്ടാഴ്ചയായി സംസ്ഥാനത്ത് തെളിഞ്ഞ അന്തരീക്ഷമാണ്. പതിവായി ഓഗസ്റ്റ് മാസത്തിൽ ശക്തമായ മഴയാണ് കേരളത്തിന് ലഭിക്കാറ്. ഇത്തവണ മഴ കുറഞ്ഞതിനാൽ വരുംമാസങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുമോ എന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്.

## ഐ.പി.സി മഞ്ചേശ്വരത്ത് പുതിയ പ്രവർത്തനമാരംഭിച്ചു




മഞ്ചേശ്വരം: ഐ.പി.സി കാസറഗോഡ് സെന്ററിന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ 8 പഞ്ചായത്തുകളിൽ ഐ പി സി യ്ക്ക് ഒരു പ്രവർത്തനവും ഇല്ലാതിരിക്കെ, ഈ താലൂക്കിലെ കുമ്പളയിൽ ഐ.പി.സി.കാസറഗോഡ് സെന്ററിന്റെ ഒരു പുതിയ പ്രവർത്തനം ആരംഭിച്ചു. ഐപിസി കാസറഗോഡ് ടൗൺ സഭാ ശുശ്രൂഷകനും, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനുമായിരുന്ന ഇവാ. കെ സി ജോർജിനെ ഈ പ്രവർത്തനത്തിന്റെ ചുമതല ഏല്പിച്ചു. കുമ്പള പോലീസ് സ്റ്റേഷൻ റോഡിലെ ബിൽഡിങ്ങിലാണ് ആരാധന നടക്കുന്നത്. പുതിയ പ്രവർത്തനത്തിന്റെ ഉത്ഘാടനം സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സന്തോഷ് മാത്യു നിർവഹിച്ചു, വൈസ് പ്രസിഡന്റ്, പാസ്റ്റർ സജി അബ്രഹാം, സെക്രട്ടറി പാസ്റ്റർ ശ്യാം രാജ്, പാസ്റ്റർ ജയ്മോൻ ലൂക്കോസ് എന്നിവർ സംബന്ധിച്ചു.

## മഹാരാഷ്ട്രയിൽ ദേവാലയത്തിനുനേരെ അജ്ഞാതരുടെ ആക്രമണം



മുംബൈ : മഹാരാഷ്ട്രയിലെ വസായിലെ സെന്റ് ഗോൺസാലോ ഗാർഷ്യ പള്ളിക്കുനേരെ അജ്ഞാതരുടെ ആക്രമണം. ആഗസ്റ്റ് 11, വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ്, ഇടവക വികാരി ഫാ. പീറ്റർ അൽമേഡ ദേവാലയത്തിൽ പ്രവേശിച്ചപ്പോഴാണ് തകർക്കപ്പെട്ടതായി കണ്ടെത്തിയത്. ഉടൻതന്നെ പൊലീസിൽ വിവരം അറിയിക്കുകയും പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിക്കുകയും ചെയ്തു.

അക്രമികൾ ദേവാലയത്തിൽ പ്രവേശിച്ച് ഉപകരണങ്ങൾ തകർക്കുകയും, പുസ്തകങ്ങൾ വലിച്ചെറിയുകയും ചെയ്തു. സംഭവത്തെ തുടർന്ന് വൈകിട്ട് നടക്കാനിരുന്ന കുർബാന മാറ്റിവച്ചു. ആക്രമണവിവരം അറിഞ്ഞെത്തിയ വിശ്വാസികൾ തങ്ങളുടെ ദുഃഖം അറിയിക്കുകയും അക്രമികളെ ഏതുവിധേനയും കണ്ടെത്തണമെന്ന് ശക്തമായി ആവശ്യപ്പെടുകയും ചെയ്തു. വസായ് ഇടവകയിലെ വിശ്വാസികളുടെ മതവികാരത്തിനേറ്റ മുറിവിനെക്കുറിച്ച് ഞാൻ ബോധവാനാണ്. പൊലീസ് കമ്മീഷണറുമായി ബന്ധപ്പെട്ടിട്ടുണ്ട്. സമാധാനവും ഐക്യവും നിലനിർത്താൻ ഞാൻ നിങ്ങളോട് അഭ്യർഥിക്കുന്നു. കൂടാതെ, അക്രമത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനും ഞാൻ നിങ്ങളോട് അഭ്യർഥിക്കുന്നു' സംഭവത്തെ അപലപിച്ച് വസായ് ആർച്ചുബിഷപ്പ് ഫെലിക്സ് മച്ചാഡോ ഔദ്യോഗിക പ്രസ്താവനയിൽ പറയുന്നു.

# വാസ്തവത്തിൽ സരസു ഞങ്ങൾക്ക് ആരായിരുന്നു?



ജോർജ് മാത്യു പുതുപ്പള്ളി

സരസു എനിക്കും സാലിക്കും ഏറെ പ്രിയപ്പെട്ടവളായിരുന്നു. ഇടയ്ക്കൊക്കെ ഞാൻ സരസുവിനെ ഓർക്കും. പ്രത്യേകിച്ച് കുമ്പളാംപൊയ്കയിലൂടെയും തിരുവനന്തപുരം ചെഷയർ ഹോമിനു സമീപത്തുകൂടെയും കാറോടിച്ചു പോകുമ്പോ ളൊക്കെയും. പാവം സരസു. മാർത്തോമാ സഭാവിശ്വാസിയായിരുന്ന സരസു തോമസിനെ ഞങ്ങൾക്കെന്നല്ല അവരെ അറിയാവുന്ന ആർക്കും ഒരിക്കലും മറക്കാൻ കഴിയില്ല.

സരസുവിനെക്കുറിച്ച് വളരെ വർഷങ്ങൾക്കു മുമ്പുതന്നെ ഞാൻ കേട്ടിരുന്നു. പത്തനംതിട്ട കുമ്പളാംപൊയ്കയിലെ പുരാതന കുടുംബത്തിൽ പിറന്ന സുന്ദരിയായ ഒരു പെൺകുട്ടിയായിരുന്നു സരസു. അഞ്ചാം വയസിൽ വിധി സരസുവിന്റെ ജീവിതത്തിൽ വില്ലനായി വന്നു. പോളിയോ രോഗം സരസുവിനെ തളർത്തി. തലയ്ക്കു കീഴോട്ടുള്ള ഭാഗം തളർന്നുപോയി. പരസഹായം കൂടാതെ സരസുവിനു ചലിക്കാൻ പോലുമാകാത്ത അവസ്ഥ.

പിന്നീട് സരസുവിന്റെ ആശ്രയകേന്ദ്രം തിരുവനന്തപുരം ചെഷയർ ഹോമായിരുന്നു. അവിടുത്തെ സ്നേഹസമ്പന്നരായ ചേച്ചിമാരായിരുന്നു സരസുവിന്റെ എല്ലാമെല്ലാം. അവർ സരസുവിന്റെ അവയവങ്ങളായി ജീവിച്ചു. അവരുടെ സഹായം കൂടാതെ സരസുവിന് ഒന്നനങ്ങുവാൻപോലും കഴിഞ്ഞിരുന്നില്ല. അവർ അവളെ ഊട്ടി, ഉറക്കി, അവർ അവൾക്കു ഉറ്റവരെക്കാൾ പ്രിയപ്പെട്ടവരായി മാറി.

അതീവ ബുദ്ധിമതിയായിരുന്നു സരസു. സ്കൂളിൽ പോയിട്ടില്ലാത്ത അവൾ സ്വപരിശ്രമത്താൽ എഴുതുവാനും വായിക്കുവാനും പഠിച്ചു. വിശുദ്ധ ബൈബിൾ മുഴുവൻ പലവട്ടം വായിച്ചു തീർത്തു. വിധി തന്നോട് കാട്ടിയ ക്രൂരതയിൽ അവൾക്കു യാതൊരു പരിഭവവും ഇല്ലായിരുന്നു. യേശുക്രിസ്തുവിനെ അവൾ ജീവനു തുല്യമായി സ്നേഹിച്ചു. യേശു അവൾക്കു പ്രാണവായുവിനെക്കാൾ വലുതായിരുന്നു.

ഞാൻ സരസുവിനെ ആദ്യമായി പരിചയപ്പെട്ട സന്ദർഭം ഇന്നെന്നപോലെ ഓർക്കുന്നു. ഞാൻ ന്യൂഡൽഹി ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീമിന്റെ 'സമാധാനം' എന്ന ക്രൈസ്തവ കുടുംബമാസികയുടെയും 'ആത്മസമർപ്പണം' എന്ന ധ്യാനമാസികയുടെയും എഡിറ്ററായിരുന്ന സമയം. ഒരു ദിവസം എനിക്ക് തപാലിൽ ഒരു കത്ത് ലഭിച്ചു. അതിമനോഹരമായ കൈപ്പട. അച്ചടിച്ച അക്ഷരങ്ങൾ പോലെയുണ്ട്.കത്ത് സരസു തോമസിന്റേതായിരുന്നു.

'പ്രിയ അച്ചന്, ഞാൻ സരസു തോമസ്. തിരുവനന്തപുരം ചെഷയർ ഹോമിലെ ഒരന്തേവാസി. പൂർണ്ണമായും ശരീരം തളർന്നവൾ. ജീവനുള്ള ഒരു മാംസപിണ്ഡം എന്നു വേണമെങ്കിൽ പറയാം. 'സമാധാനം' മാസികയും 'ആത്മസമർപ്പണം' മാസികയും മുടങ്ങാതെ ഇവിടെ വരാറുണ്ട്.
ഞാൻ സ്ഥിരമായി വായിക്കാറുണ്ട്. എനിക്കും അതിൽ എഴുതുവാൻ ആഗ്രഹമുണ്ട്. ഇതോടൊപ്പം ഒരു ലേഖനം അയക്കുന്നു. അർഹമെങ്കിൽ ഉപയോഗിക്കുമല്ലോ. സ്നേഹപൂർവംസഹോദരി സരസു.'

ആ കത്തിലെ വാക്കുകൾ എന്റെ കൺപീലികളെ നനയിച്ചു. ഒരുപാട് നാളായി സരസുവിനെ ഒന്നു പരിചയപ്പെടണമെന്ന് ഞാൻ മനസിൽ ആഗ്രഹിച്ചിരുന്നു. അക്കാലത്ത് ഞാൻ 'മാതൃഭൂമി' പത്രത്തിൽ സ്ഥിരമായി ഒരു പംക്തി എഴുതിയിരുന്നു. സരസുവിനെക്കുറിച്ചും അതിൽ എഴുതാൻ എനിക്ക് താല്പര്യമുണ്ടായിരുന്നു. അക്കാലങ്ങളിൽ സരസുവിന്റെ നിരവധി കഥകളും കവിതകളും വിവിധ പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ചു വന്നിരുന്നു. ചില പുസ്തകങ്ങളും അവർ എഴുതിയിരുന്നു.

ഞാൻ സരസുവിന്റെ ലേഖനങ്ങൾ തുടർച്ചയായി 'സമാധാന'ത്തിലും 'ആത്മസമർപ്പണ'ത്തിലും പ്രസിദ്ധീകരിച്ചു. ആത്മീയതയും തത്വചിന്തയും തിങ്ങിയ ലേഖനങ്ങളായിരുന്നു സരസുവിന്റേത്. ഓരോ വാക്കുകളിലൂടെയും സരസു അനുവാചകരോടു സംസാരിച്ചു. അവരെ ക്രിസ്തുവിലുള്ള പ്രത്യാശയിലും ധൈര്യത്തിലും ഉറപ്പിച്ചു. സ്രഷ്ടാവായ ദൈവത്തോട് അവൾക്കു യാതൊരുവിധ പരിഭവമോ പിറുപിറുപ്പോ ഉണ്ടായിരുന്നില്ല.



പിന്നീടാണ് ഞാൻ സരസുവിനെക്കുറിച്ച് കൂടുതലായി മനസിലാക്കിയത്. രണ്ടു കൈകളുടെയും വിരലുകൾ കൂട്ടിപ്പിടിച്ച് അവയ്ക്കിടയിൽ പേന വച്ച് വളരെയേറെ സമയമെടുത്താണ് സരസു ഓരോ അക്ഷരങ്ങളും എഴുതിയിരുന്നത്. അതിമനോഹരമായി എഴുതുവാനുള്ള സരസുവിന്റെ കഴിവ് അക്ഷരാർത്ഥത്തിൽ എന്നെ അമ്പരപ്പിച്ചു.

പിന്നീടാണ് ഞാൻ സരസുവിനെക്കുറിച്ച് കൂടുതലായി മനസിലാക്കിയത്. രണ്ടു കൈകളുടെയും വിരലുകൾ കൂട്ടിപ്പിടിച്ച് അവയ്ക്കിടയിൽ പേന വച്ച് വളരെയേറെ സമയമെടുത്താണ് സരസു ഓരോ അക്ഷരങ്ങളും എഴുതിയിരുന്നത്. അതിമനോഹരമായി എഴുതുവാനുള്ള സരസുവിന്റെ കഴിവ് അക്ഷരാർത്ഥത്തിൽ എന്നെ അമ്പരപ്പിച്ചു.
സംസാരത്തിലും പെരുമാറ്റത്തിലും അങ്ങേയറ്റം മാന്യമായി അവൾ ഇടപെട്ടു. തന്നെ ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യുന്ന ഓരോരുത്തരെയും അവൾ ഹൃദയപൂർവം സ്നേഹിക്കുകയും അവരോടൊക്കെ അങ്ങേയറ്റം നന്ദിയുള്ളവളായി ജീവിക്കുകയും ചെയ്തു.

എന്നെയും സാലിയെയും ഫോണിൽ വിളിച്ച് സരസു സംസാരിക്കുമായിരുന്നു. ജീവിതം തനിക്കൊരു ഭാരമോ ദുഃഖമോ ശല്യമോ ആയിരുന്നെന്ന് ഒരിക്കലും സരസു പറഞ്ഞില്ല. യേശുവിനെ ഏറെ സ്നേഹിക്കാൻ ഇടയായത് ഈ ജീവിതം മൂലമാണെന്ന് ഇടയ്ക്കിടെ പറഞ്ഞിരുന്നു. ഏതു ചോദ്യങ്ങൾക്കും തത്വചിന്തകയെപ്പോലെ വിനയത്തോടും പുഞ്ചിരിയോടും കൂടി മാത്രമായിരുന്നു സരസുവിന്റെ മറുപടി.

ഒരിക്കൽ ഒരു പത്രപ്രവർത്തകൻ സരസുവിനോടു ചോദിച്ചു : 'ഇപ്പോൾ എന്താണ് സരസുവിനു അത്യാവശ്യമായി വേണ്ടതെന്ന് പ്രിയപ്പെട്ടവർ ആരെങ്കിലും ചോദിച്ചാൽ സരസു എന്തു പറയും ?'ചിരിച്ചുകൊണ്ട് സരസു പറഞ്ഞു : 'ഇപ്പോൾ എന്റെ മുതുകിൽ ഒരു ഉറുമ്പ് കടിച്ചുകൊണ്ടിരിക്കുകയാണ്. എന്നെ ശുശ്രൂഷിക്കുന്ന ചേച്ചി ഓടിവന്ന് ഉറുമ്പിനെ എടുത്തു കളഞ്ഞ് ആ ഭാഗം നന്നായി ഒന്നു ചൊറിഞ്ഞു തരണേ' എന്നാണെന്റെ പ്രാർത്ഥന. ജീവിതത്തെ അങ്ങേയറ്റം സരസമായി കണ്ട വ്യക്തി കൂടിയായിരുന്നു യേശുവിന്റെ പൈതലായിരുന്നു സരസു.

പ്രായംകൊണ്ട് എന്നെക്കാൾ മൂത്തതായിരുന്നു സരസു.ഞാൻ 'ചേച്ചി' എന്നു വിളിക്കേണ്ട വ്യക്തി. എന്നാൽ രൂപംകൊണ്ടും മനസുകൊണ്ടും സരസു എപ്പോഴും ഒരു കൊച്ചുകുട്ടിയെപ്പോലെയായിരുന്നു. അതുകൊണ്ട് സരസുവിനെ 'ചേച്ചി' എന്ന് ഞാൻ വിളിച്ചില്ല. സരസു എന്നാണ് മരണംവരെയും വിളിച്ചത്. അനുഭവത്തിലും അറിവിലും വിശുദ്ധിയിലും ആഭിജാതിത്യത്തിലും കുലീനതയിലും സരസു തീർച്ചയായും എനിക്കൊരു മൂത്ത ചേച്ചി തന്നെയായിരുന്നു.

മരിക്കുന്നതിനു മുമ്പ് അവരെ ഒന്നു കാണണമെന്നു ഞാനും സാലിയും ഒത്തിരി ആഗ്രഹിച്ചിരുന്നു. തിരുവനന്തപുരത്തു ചെല്ലുമ്പോൾ ചെഷയർ ഹോമിൽ വന്ന് തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് സരസു പറയുമായിരുന്നു.
പക്ഷെ സാധിച്ചില്ല. അതിനു മുമ്പേ യേശുകർത്താവ് വന്ന് സരസവിനെ കൂട്ടിക്കൊണ്ടുപോയി. തളർച്ചയില്ലാത്ത ശരീരമുള്ള ആരോഗ്യമുള്ള നാട്ടിലേക്ക്. ദുഃഖവും മുറവിളിയുമില്ലാത്ത സ്വർഗനാട്ടിലേക്ക്. സരസു മരിച്ചെന്നു ഇപ്പോഴും വിശ്വസിക്കാൻ ഞങ്ങൾക്കു കഴിയുന്നില്ല.

കഴിഞ്ഞ ദിവസം കൺവൻഷൻ പ്രസംഗം കഴിഞ്ഞ് സാലിയ്ക്കൊപ്പം കുമ്പളാംപൊയ്കയിലൂടെ ഞാൻ കാറോടിച്ചു വരുമ്പോൾ പെട്ടെന്ന് എന്റെ മനസിൽ സരസുവിന്റെ രൂപം തെളിഞ്ഞു. എന്റെയും സാലിയുടെയും ചേച്ചിയായിരുന്ന പ്രിയ സരസുവിന്റെ.... നൈരാശ്യവും അവിശ്വാസവും നിറഞ്ഞ അനേകരെ സ്വന്തം ജീവിതത്തിലൂടെ മഹാദൈവമായ യേശുകർത്താവിലേക്കു നയിച്ച പക്വതയും പ്രത്യാശയും ദൈവികജ്ഞാനവും നിറഞ്ഞ സരസു എന്ന ദൈവപൈതലിന്റെ രൂപം. സരസുവിനെക്കുറിച്ചുള്ളനല്ല ഓർമകൾ പങ്കുവച്ച് ഞങ്ങൾ യാത്ര തുടർന്നു...


13 AUGUST 2023
Wings of HOPE
For Private Circulation Only
ക്രിസ്ത്യൻ ലൈവ് മീഡിയയിൽ നിന്നും
ഇപ്പോൾ നിങ്ങൾക്കായി ഒരു ഇംഗ്ലിഷ് പത്രം
എല്ലാ ഞായറാഴ്ചകളിലും പ്രസിദ്ധികരിക്കുന്നു
സൗജന്യ കോപ്പികൾക്കായി ഇന്നു
തന്നെ വാട്സാപ്പ് ചെയ്യുക:
09846552220


CHRISTIAN LIVE
CHRISTIAN LIVE.IN
MIDDLE EAST CHRISTIAN YOUTH MINISTRIES
+91 9846 55 22 20 | +91 9188 52 22 20 | +971 55 862 1000
info@christianlive.in
www.christianlive.in
KERALA | BANGALORE | DUBAI
USA | CANADA | KUWAIT | UK
BRAND MARKETING
EVENT MANAGEMENT
ONLINE NEWS PORTAL
DAILY NEWS PAPER
LED WALL/TV RENTAL
+91 9846552220
MEDIA
PRODUCTION
LIVE STREAMING